**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **29-07-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കശുവണ്ടി വ്യവസായത്തിന്റെ ആധുനികവത്കരണത്തിനും കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനും ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പാക്കേജ് വിശദമാക്കുമോ; | (എ) | പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള 30 കശുവണ്ടി ഫാക്ടറികളിലും അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 550 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 510 ലക്ഷം രൂപയ്ക്ക് സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണത്തിനുമായി 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ കാപ്പക്സിന്റെ അധീനതയിലുള്ള 10 കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവത്കരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി 2021-22 സാമ്പത്തിക വർഷം 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 371.5 ലക്ഷം രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധ വത്ക്കരണത്തിനുമായി കാപ്പക്സിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നതിനും സർക്കാർ ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യം ആണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലയിലുള്ള കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി ലഭ്യത ഉറപ്പ് വരുത്തുന്നതിനായി 2017-ൽ സർക്കാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് മുഖേന തോട്ടണ്ടി ലഭ്യമാക്കിയാണ് നിലവിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സും പ്രവർത്തിച്ച് വരുന്നത്. കൂടാതെ ഗവൺമെന്റ് ഫാമുകളിലും മറ്റ് പൊതുമേഖലാ പ്ലാന്റേഷനുകളിലും ഉൽപാദിപ്പിക്കുന്ന തോട്ടണ്ടിയും ഗവൺമെന്റ് നിശ്ചയിച്ച വിലയ്ക്ക് സംഭരിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി ജോലി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് ഈ സാമ്പത്തിക വർഷം 5117.064 മെട്രിക് ടണ്ണിലധികം തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കൂടാതെ ഐവറി കോസ്റ്റിൽ നിന്നും 4000 മെട്രിക് ടൺ തോട്ടണ്ടിയുടെ ഇറക്കുമതി നടന്നു വരുന്നു. ഇതു കൂടാതെ ഗിനി ബസാവോയിൽ നിന്നും 4000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. ഇതുവഴി 2021 ഒക്ടോബർ മാസം വരെ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികൾ പ്രവർത്തിപ്പിക്കാനാവശ്യമായ തോട്ടണ്ടി ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം ആവശ്യത്തിന് തോട്ടണ്ടി ലഭ്യത ഉറപ്പ് വരുത്തി തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാനുള്ള നടപടി സ്വീകരിച്ചതു വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നത് ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) | ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷയും പെൻഷനും ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ; | (ബി) | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുകയും കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി അംശദായവും, ഇ.എസ്.ഐ കോൺട്രിബ്യൂഷൻ, ഇ.പി.എഫ് കോൺട്രിബ്യൂഷൻ എന്നിവയും കൃത്യമായി ഒടുക്കി വരുന്നതുമാണ്. അർഹമായ ഇ.എസ്.ഐ ആനുകൂല്യങ്ങളും ഇ.പി.എഫ്-ൽ നിന്നും കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷനും കൃത്യമായി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് ഇനിയും തുറന്നു പ്രവർത്തിക്കാത്ത കശുവണ്ടി ഫാക്ടറികൾ ഉണ്ടോയെന്നു വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അവ പ്രവർത്തനക്ഷമമാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളും ഈ വ്യവസായ മേഖലയുടെ | (സി) | സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി 867 കശുവണ്ടി ഫാക്ടറികൾ ഉള്ളതിൽ 427 എണ്ണം പ്രവർത്തിക്കുന്നവയും 439 ഫാക്ടറികൾ അടഞ്ഞു കിടക്കുന്നവയും ആണ്. തകർച്ചയിലായതും സാമ്പത്തിക പ്രതിസന്ധി മൂലം അടഞ്ഞു കിടക്കുന്നതുമായ സ്വകാര്യ കശുവണ്ടി |

| | | | |
|---|---|---|---|
| | പുനരുജ്ജീവനത്തിനായി നടപ്പാക്കുന്ന പദ്ധതികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | | വ്യവസായ മേഖലയെ പുനരുജ്ജീവിക്കുന്നതിനായി പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 21.12.2020 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായികളുടെ പ്രതിനിധി, ബാങ്ക് പ്രതിനിധി എന്നിവരുമായി യോഗം ചേരുകയും കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിനും, പുനഃക്രമീകരിക്കാനാകാത്ത വായ്പകളിൻമേൽ 'ഒറ്റത്തവണ തീർപ്പാക്കൽ' നടപ്പിലാക്കാനായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, SLBC കൺവീനർ എന്നിവരുൾപ്പെട്ട മൂന്നംഗ കമ്മിറ്റി രൂപീകരിക്കാനും തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാന പ്രകാരം സർക്കാർ രൂപീകരിച്ച മൂന്നംഗ കമ്മിറ്റി ഇതിനകം 3 മീറ്റിംഗുകൾ ചേർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനായി 12.07.2021 ന് ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ളവ നിർത്തി വയ്ക്കണമെന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 'ഒറ്റത്തവണ തീർപ്പാക്കൽ' ഫോർമുല സംബന്ധിച്ച് ബാങ്കുകളും വ്യവസായികളും സമവായത്തിലെത്തുന്ന മുറയ്ക്ക് പ്രതിസന്ധിയിലായ കശുവണ്ടി വ്യവസായ മേഖലയെ ഒരു പരിധി വരെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ